## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **01-02-2023 - ൽ മറുപടിയ്ക്ക്**

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി പുനരധിവാസത്തിന് നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് പദ്ധതിയെ സംബന്ധിച്ചുള്ള വിശദാംശം നൽകാമോ; | (എ) | **വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾ മുഖേന വായ്പ നൽകി വരുന്നു. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് കൃത്യമായ വായ്പ തിരിച്ചടവിന് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി വഴി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 18 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ് വെച്ച് വായ്പ ലഭ്യമാക്കി വരുന്നു.**<br><br>**2022–23 സാമ്പത്തിക വർഷം NDPREM പദ്ധതിയ്ക്കായി 25കോടി രൂപ വകയിരുത്തുകയും നാളിതുവരെ 12,82,44,000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്ന വായ്പകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (ബി) | **വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകുന്ന** |

| | | | |
|---|---|---|---|
| | | | **പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയിരിക്കുന്ന ബാങ്കുകൾ മുഖേന വായ്പ നൽകി വരുന്നു. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് കൃത്യമായ വായ്പ തിരിച്ചടവിന് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി വഴി സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 18 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ് വെച്ച് വായ്പ ലഭ്യമാക്കി വരുന്നു.**<br><br>**2022–23 സാമ്പത്തിക വർഷം NDPREM പദ്ധതിയ്ക്കായി 25കോടി രൂപ വകയിരുത്തുകയും നാളിതുവരെ 12,82,44,000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ